# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4383 17/12/2014-ൽ മറുപടിക്ക്

## ആരോഗ്യകേന്ദ്രങ്ങളിലെ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്ഥിരം സംവിധാനം

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആരോഗ്യകേന്ദ്രങ്ങളോ, ആരോഗ്യകേന്ദ്രങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളോ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളോ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യകേന്ദ്രങ്ങളോ, ആരോഗ്യകേന്ദ്രങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങളോ, ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റികളോ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ടെൻഡർ ഉറപ്പിക്കുന്നതിനു മുമ്പായി ആശുപത്രി മേധാവി അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റിയാണ്. ഏതു ഉപകരണമാണോ വാങ്ങുന്നത് അതുമായി ബന്ധപ്പെട്ട വിദഗ്ധരാണ് കമ്മിറ്റിയിൽ ഉണ്ടാവുക. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ഉപകരണങ്ങൾ വാങ്ങുന്നത്. കൂടാതെ സേഫ്റ്റി / ഗുണനിലവാര സർട്ടിഫിക്കറ്റുകളായ CE/FDA/STQC B/STQC C/ BIS /ERTL ടെസ്റ്റ് റിപ്പോർട്ടുകൾ ഉണ്ടെന്ന് ഉറപ്പു വരുത്തുന്നു. |
| (ബി) | ഇത്തരം പരിശോധനകൾ കഴിഞ്ഞ ഉപകരണങ്ങളാണ് ആരോഗ്യകേന്ദ്രങ്ങളിൽ ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വിവിധ ലാബ് ഉപകരണങ്ങൾ, | (സി) | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേ |

| | | | |
|---|---|---|---|
| (സി) | വിവിധ ലാബ് ഉപകരണങ്ങൾ, ഡയാലിസിസ് മെഷീൻ എന്നിവയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് സ്ഥിരം സംവിധാനവും, അതിനാവശ്യമായ നിർദ്ദേശങ്ങളും നൽകുമോ? | (സി) | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങി നല്കുന്ന എല്ലാ ഉപകരണങ്ങളുടേയും തുടർന്നുള്ള പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുന്നതിന് ഒരു എക്യൂപ്മെന്റ് സർവ്വീസ് വിഭാഗം കോർപ്പറേഷനിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ ഉപകരണങ്ങൾ പ്രവർത്തനരഹിതമായാൽ അവയുടെ സർവ്വീസുകൾക്കുവേണ്ടി ഒരു ടോൾ ഫ്രീ നമ്പർ (1800 425 0004) സംവിധാനവും സോഫ്റ്റവെയർ നിയന്ത്രിത ഡേറ്റ ശേഖരണവും ഏർപ്പെടുത്തിയിരിക്കുന്നു. കോർപ്പറേഷനിലെ എക്യുപ്മെന്റ് സർവ്വീസ് വിഭാഗം എല്ലാ ഉപകരണങ്ങളും അതാത് സമയങ്ങളിൽ ചെയ്യേണ്ട മെയിന്റനൻസുകളും റിപ്പേയറുകളും കാലിബ്രേഷനുകളും കാലാകാലങ്ങളിൽ അതാത് വിതരണക്കാരെകൊണ്ട് ചെയ്യിപ്പിക്കുന്നു. ഇതുമൂലം ഉപകരണങ്ങളുടെ ഗുണമേന്മയും പ്രവർത്ത്നക്ഷമതയും ഉറപ്പുവരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ